പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1095

1.7.2015 ലെ മറുപടിയ്ക്ക്

കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം

| | ചോദ്യം<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി.പി.അയിഷാപോറ്റി<br>ശ്രീ. ബാബു എം.പാലിശ്ശേരി<br>ശ്രീ.എം. ചന്ദ്രൻ | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ; | (എ) | വിദ്യാഭ്യാസഅവകാശനിയമപ്രകാരം ഒന്നു മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും, നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. 2013-14 അധ്യയനവർഷം മുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും, 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി.സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി വിഭാഗമെന്നും 8 -ാം ക്ലാസ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർ നാമകരണം ചെയ്യുവാനുള്ള നടപടി കൈക്കൊണ്ടു.<br>വിദ്യാഭ്യാസഅവകാശനിയമപ്രകാരം അൺ എയ്ഡഡ് സ്കൂളുകളിൽ 1-ാം ക്ലാസിൽ ആ ക്ലാസിലെ കുട്ടികളുടെ അംഗസംഖ്യയുടെ കുറഞ്ഞത് 25 ശതമാനമെങ്കിലും, അയൽപക്ക പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിലും പിന്നോക്ക വിഭാഗ ത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം |

| | | | |
|---|---|---|---|
| | | | നൽകുന്നതിനും, ഓരോ കുട്ടിയ്ക്കും ചെലവാകുന്ന തുകയോ അല്ലെങ്കിൽ കുട്ടിയിൽ നിന്നും ഈടാക്കുന്ന യഥാർത്ഥ തുകയോ ഏതാണോ കുറവ്, പ്രസ്തുത തുക സ്കൂളിന് റീഇംപേഴ്സ് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടിയുടെ താമസസ്ഥലത്തിനടുത്ത് ഒരു കിലോമീറ്റർ ചുറ്റളവിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളില്ലാത്ത സാഹചര്യത്തിൽ മാത്രമേ മുകളിൽ സൂചിപ്പിച്ച രീതിയിൽ റീ ഇംപേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1 : 30 ആയും യു.പി. സ്കൂളുകളിൽ 1:35 ആയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എല്ലാ ഗവൺമെന്റ്/എയ്ഡഡ്സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാവിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നു വരുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ് ടീച്ചേഴ്സിനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കി പകരം ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുവാൻ ഉത്തവായിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ളസൗകര്യം, കളിക്കാനുള്ള സ്ഥലം എന്നിവ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്ത ലാക്കി. 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെ ഓൾ പ്രൊമോഷൻ നടപ്പിലാക്കി.<br>സ്കൂൾ മാനേജ്മെന്റ് കമ്മറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി. എയ്ഡഡ് സ്കൂളുകളിൽ ഉപദേശകസമിതിയുടെ സ്ഥാനമാണ് എസ്.എം.സി യ്ക്ക് നൽകിയിരിക്കുന്നത്. യു.പി.വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പാക്കു ന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പൂളിങ്ങ് നടപ്പിലാക്കി. ഓരോ സ്കൂളിലും പ്രവേശനം നേടുന്ന ഓരോ കുട്ടിയെസംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു.ഐ.ഡി) സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ നിയമപ്രകാരം അംഗീകാര മില്ലാത്ത സ്കൂളുകൾക്ക് സംസ്ഥാനത്ത് പ്രവർത്തനാനുമതിയുണ്ടോയെന്നു വ്യക്തമാക്കുമോ; | (ബി) | വിദ്യാഭ്യാസഅവകാശനിയമത്തിലെ സെക്ഷൻ 18 പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. |
| (സി) | പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന് മുമ്പായി അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സി.ബി.എസ്.ഇ സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട് എന്ന വെളിപ്പെടുത്തുമോ; | (സി) | ആർ.റ്റി.ഇ നിയമം വരുന്നതിനുമുമ്പ് കെ.ഇ.ആർ. പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് അംഗീകാരം നൽകി വന്നിരുന്നത്. ഈ സർക്കാർ വന്നശേഷം 549 സി.ബി.എസ്.ഇ സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അന്ത:സത്ത പരിഗണിയ്ക്കാതെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും വ്യവസ്ഥകൾ പാലിക്കാത്തതുമായ സി.ബി.എസ്.ഇ സ്കൂളുകൾക്ക് യഥേഷ്ടം അംഗീകാരം നൽകുന്നത് സർക്കാർ വിദ്യാലയങ്ങളുടെ നിലനില്പിനെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | മാനദണ്ഡങ്ങൾ പാലിക്കുന്ന വിദ്യാലയങ്ങൾക്കു മാത്രമാണ് അംഗീകാരം നൽകുന്നത്. മറ്റ് വിദ്യാലയങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുകയില്ല എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികളെ കൊണ്ട് അന്വേഷണം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ